
# മുകുളം 2k20

കോട്ടായി ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ



# പൂഴ-ഒരൂ ദൂരന്ത കഥ



പര്വ്വത സാനുവില് പാസരകണ്ണിയാല് പൊട്ടിച്ചിരിച്ചു കുതിച്ചു നടന്നനിൻ കുളിരെഴുമോളങ്ങലളേറ്റുവാങ്ങി മണല്-കൈകകളും പാടവും കണ്ണാന്തളികളും

നിന്നിലെ സംഗീതമേറ്റുപാടി വാനില്
പൈങ്കിളിക്കൂട്ടങ്ങള് താളമേളത്തോടെ
ഉല്ലാസരാവുകള് തല്ലിക്കെടുത്തുവാ-
നെത്തി കരാളമാം മര്ത്ത്യമനസ്സുകള്
പരിഷ്കാരമാര്ന്നവര് കണ്ടെത്തിനിന്നലെ
ഹൃത്തടം കൊണ്ടു സൗധം
പണിയുവാൻ
വാഹനവ്യൂഹം നിരന്നനിൻ
നെഞ്ചിലെ
മാംസം കടിച്ചു പറിച്ചു നിറയ്ക്കുവാൻ
പ്ലാസ്റ്റിക് മാലിന്യമോരോന്നിറക്കിനിൻ
ജീവനാളം ഇന്ന് പാടെ തകര്ന്നുപോയ്
അരുതെന്നുചൊല്ലുവാൻ ആഞ്ഞ
ശബ്ദത്തിൻ
അടിവേരു ചീന്തിയെറിഞ്ഞ സമൂഹമേ
പുഴയൊഴുക്കതിലോലമെങ്കിലും
കരുതുക
കാത്തിരിപ്പുണ്ടതിലലകടല് ശക്തികള്
തപ്തകാലങ്ങളില് ദാഹനീരിറ്റിനായ്
കാതമേറെ അലഞ്ഞീടുമെങ്കിലും

വര്ഷകാലം പ്രചണ്ഡമായ് തീര്ന്നതില്
സര്വ്വവും മുങ്ങിമരിച്ചു പൊങ്ങുന്നതും
സര്വ്വം സഹയ്ക്കുമേല് വഴിവിട്ടു
വാഴ്പതു
ദുരിതപര്പം ചുമലേറ്റലാണറിയുവാൻ
ഇനിയെത്രകാതം നടക്കണമതിന്മുമ്പൊ
ടുങ്ങും മനുകുലം ഓര്ത്തു ജീവിക്കുക

എന്ന് വിസ്മയ.യു.
9 c

## വ്യായാമവും മാനസിക ആരോഗ്യവും




കൃത്യമായ
വായാമത്തിലൂടെ
ശാരീരികോര്ജ്ജം
മിതമായും ഫലപ്രദമായും

ചെലവഴിക്കുന്നതിലൂടെ ശാരീരികാരോഗ്യം മെച്ചപ്പെടുത്താം. നടത്തം ഓട്ടം യോഗ നീന്തല് ഇങ്ങനെ ഓരോരുതതര്ക്കും അനുയോജ്യമായ വ്യായാമമുറകള് ഏതെങ്കിലും ശീലിക്കാം. അമിതമായും തെറ്റായ രീതിയിലും പരിശീലിക്കുന്ന വ്യായാമം ശാരീരിക ക്ഷീണവും രോഗങ്ങളും വരുത്താം.

നിഷേധാത്മക ചിന്തകളെ നിയന്ത്രിക്കാനും പ്രസാദാത്മകമായ കാഴ്ചപ്പാട് വളര് ത്തിയെടുക്കാനും  അനേകം മാര്ഗ്ഗങ്ങള് സദ് വൃതത്ം എന്ന  പേരില് ആയുര് വേദത്തില് നിര്ദ്ദേശിച്ചിട്ടുണ്ട്. വിവേചന ബുദ്ധിയോടെ പ്രശ്നങ്ങളെ സമീപിക്കാനുള്ള മാനസികാവസ്ഥ സമചിത്തത, സ്വന്തം പരിമിതികളെയും കഴിവുകളെയും യാഥാര്ത്ഥ്യ വോധത്തോടെ ഉള്ക്കൊള്ളാനുള്ള


മനസ്ഥിതി എന്നീ മൂന്ന് കാര്യങ്ങള് ആണ് ഏത് മാനസിക സമ്മര്ദ്ദത്തേയും അതിജീവിക്കാനുള്ള പപരമമായ ഔഷധി നിര്ദ്ദേശിച്ചിട്ടുള്ളത്. മാനസിക സമ്മര്ദ്ദങ്ങള് മൂലമുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങള് ക്രമേണ ജീവിതശൈലി രോഗങ്ങള് ആയി പരിണമിക്കാറുണ്ട് എനനതിനാല് ഇത്തരം പ്രശ്നങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനുമുള്ള മാര്ഗ്ഗങ്ങള് യഥാസമയം സ്വീകരിക്കുക..

ഷഹന .കെ.യെ.

10 b

**<u>വിദ്യാഭാസത്തില്</u>**

# സാങ്കേതിവിദ്യയൂടെ പങ്ക്




മാറി വരുന്ന ലോകത്തിന്റെ മാറ്റത്തിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന സാങ്കേതികവിദ്യയുടെ വളര്ച്ച. ശാസ്ത്രത്തിന്റെ പുരോഗതി സാങ്കേതികവിദ്യയുടെ വളര്ച്ചയ്ക്ക് കാരണമാവുന്നു. ഇന്ന്ത്തെ പുതുതലമുറയുടെ ഒഴിച്ചുകൂടാന് പറ്റാത്തവിധം സാങ്കേതികവിദ്യയുടെ വിവിധ തലങ്ങള് മനുഷ്യരില് ഉറച്ചുകഴിഞ്ഞു. എന്തും ഒരു സ്പര് ശനത്തിലോ ക്ലിക്കിലോ ഇന്ന് ലഭിക്കും മാറിയ ലോകത്തില് മാറ്റത്തിനൊപ്പം ചലിക്കുന്ന മനുഷ്യന്റെ കൈപ്പിടിയിലാണിന്നെല്ലാം. വിദ്യാഭ്യാസത്തിലെ സാങ്കേതിക വിദ്യയുടെ പങ്കക് എന്താണെന്ന് ചര്

ച്ചചെയ്യപ്പെടുന്നു.  എല്ലാ മേഘലയിലുമുള്ള സാങ്കേതികവിദ്യയുടെ പങ്ക് ഇന്ന് വിദ്യാഭ്യാസത്തിലും കാണാം.. സാങ്കേതികകക വിദ്യയുടെ ഗുണങ്ങളെ വിദ്യാര്ത്ഥികളിലെത്തിക്കുവാന് ഇന്ന് പല വിദ്യകളുമുണ്ട്. സാമൂഹികമാധ്യമങ്ങള്ക്കപ്പുറം തങ്ങളുടെ പഠനത്തിനായി ഇന്റര്നനെറ്റ് ഉപകാരപ്രദമാണെന്ന് വിദ്യാര് ത്ഥികളും മനസ്സിലാക്കികഴിഞ്ഞു.  സന്ദേശങ്ങള് പരസ്പരം കൈമൈറുന്നതിനൊപ്പം വിവിധ അറിവുകളുമിന്ന് കൈമാറപ്പെടുന്നു ഇന്ന് കമ്പ്യൂട്ടര് അധിഷ്ഠിത വിദ്യാഭ്യാസമാണ്. ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ പഠനം എളുപ്പമാകുന്നു.

കീര്ത്തി.കെ വി

# സഹായത്തിന്റെ പാഠം



ഒരു മരത്തിൽ രണ്ടു പക്ഷികൾ കൂട് കെട്ടി താമസിച്ചിര്ന്നു. അതിൽ ഒരു പക്ഷി രണ്ട്

മുട്ടയിട്ടിരുന്നു.ഒരു മുട്ട താഴത്തു വീണു. ഭാഗത്തിന് ആ മുട്ട പൊട്ടിയില്ല.ആ മുട്ട എങ്ങനെ എടുക്കും? അവർ എങ്ങനെ നോക്കിയിട്ടും മുട്ടഎടുക്കാൻ സാധിച്ചില്ല.എന്താണ് ഒരു  വഴിയെന്ന് ആലോചിച്ചിരിക്കുമ്പോൾ അതുവഴി ഒരാൾ പാടത്തു പണിക്കു പോകുന്നു, പക്ഷുകൾ അയാളോട് ചോദിച്ചു അമ്മാവാ... അമ്മാവാ... ഈ മുട്ട ഒന്നെടുത്ത് മുകളിൽ വച്ചു തരാമോ, അപ്പോൾ അമ്മാവൻ പറഞ്ഞു  എനിക്ക് പാടത്ത് പണിയുണ്ട്, പറ്റില്ല.കുറച്ചു

സമയം കഴിഞ്ഞപ്പോൾ അത് വഴി ഒരു
നായ പോകുന്നത് പക്ഷികൾ  കണ്ടു.
അവർ നായയോട് ചോദിച്ചു നായയും
പറഞ്ഞു എനിക്ക് പറ്റില്ല എന്ന് പറഞ്ഞു
കൈയൊഴുഞ്ഞു. അതു വഴി വന്ന
ആനയോട് ചോദിച്ചിച്ചു ആനയും
കൈയൊഴിഞ്ഞു.അപ്പോൾ പക്ഷികൾ
ഇവരെ ഒരു പാഠം പഠിപ്പിക്കണമെന്ന്
തീരുമാനിച്ചു. അവർ തേനീച്ചയോട്
അവരെ പാഠം പാഠിപ്പിക്കണമെന്ന്
പറഞ്ഞു വിട്ടു. അപ്പോവെക്കും സമയം
സന്ധയായി. അമ്മാവൻ പണി കഴിഞ്ഞു
വീട്ടിലെക്ക് മടങ്ങിമ്പോൾ പക്ഷികളുടെ
സങ്കടം കണ്ട് ആ മുട്ട എടുത്ത് ക്രൂട്ടിൽ
വെച്ചു. പക്ഷികൾ സന്തോഷത്തോടെ
ചിറകടിച്ചു.....

ആദർഷ് എമ് .എസ്
9. ബി

## **കേരളത്തിന്റെ അതിജീവനം**




പ്രതിസന്ധിയാണ് പ്രളയം. സമൂഹത്തില് അടിച്ചമര്ത്തപ്പെട്ട താഴ്ന്നവര് എന്നു മുദ്രകുത്തിയ മത്സ്യത്തൊഴിലാളികളാണ് കേരളീയരെ ആ വലിയ ദുരന്തത്തില് നിന്ന് കര കയറ്റിയത്. താഴ്ന്ന ജനതയുടെ മൂല്ല്യ നിര് ണ്ണയം മനസ്സിലാക്കാന് ഈ പ്രളയം കാരണമായി. നമ്മുടെ കേരളീയ ജനത ഈ പ്രശ്നത്തെ കൈകോര്ത്ത് ഒര് മിച്ച് അതിജീവിച്ചു. മനുഷ്യന് പ്രകൃതിക്കെതിരെ ചെയ്ത പ്രവര്ത്തിയെ

തുടര്ന്ന് പ്രകൃതി തന്ന വലിയ തിരിച്ചടിയാണ് പ്രളയം.
ഭൂമി ഒന്ന് ചുമലുകുലുക്കി തിരിഞ്ഞിരുന്നാല് തീരാവുന്നതേയുള്ളു നമ്മുടെയൊക്കേ മനുഷ്യ ജീവ്തമെന്ന് ഈ പ്രളയം പഠിപ്പിക്കുകയും ചെയ്തു. വര്ഗ്ഗീയതക്കകുംം ജാതിഭേദങ്ങള്ക്കും തമ്മില് പരസ്പരം കലഹിച്ചുകൊണ്ടിരുന്ന കേരളീയ ജനതയെ ഈ പ്രളയം ഒന്നിപ്പിച്ചു.
"ആരൊക്കെ എത്രയൊക്കെ ഭിന്നിപ്പിച്ചാലും പ്രകൃതി നമ്മെ ഒന്നിപ്പിക്കും എന്ന് കാര്യം കേരളീയര് ഇന്ന് മനസ്സിലാക്കി."

റിംസാന ഫാത്തിമ .എം,എ

10 g

## മിന്നാമിന്നിക്കൂട്ടങ്ങൾ

മിന്നാമിന്നിക്കൂട്ടങ്ങൾ മിന്നിതിളങ്ങണക്കൂട്ടൾ
മിന്നും പൂക്കളെ കണ്ടോളൂ.
മിന്നിക്കളിക്കാൻ പോരാമോ.......



മിന്നാമിന്നി മിന്നിക്കളിക്കുമ്പോൾ-
എന്നെ ഒന്ന് നോക്കാമോ
ഈ എന്നെ ഒന്ന് നോക്കാമോ......
മാരിമഴ പെയ്താൽ
നീ എങ്ങോട്ട് എങ്ങോട്ട് ഓടും
എന്നോടൊത്തു വന്നോളൂ
ഞാൻ നിന്നെ നോക്കിക്കോളാം
എന്നോടൊത്തു വന്നോളൂ
ഞാൻ നിന്നെ നോക്കിക്കോളാം
മിന്നാമിന്നിക്കൂട്ടങ്ങൾ മിന്നിത്തിളങ്ങണക്കൂട്ടങ്ങൾ
മിന്നും പൂക്കളെ കണ്ടോളൂ....
മിന്നിക്കളിക്കാൻ പോരാമോ.....

ഗോപിക..എസ്
9th F

# അമ്മയുടെ നോവ്

മാഞ്ഞു ഭൂമിതന് പച്ചപ്പ്
മറഞ്ഞു പ്രകൃതി തന് സൗന്ദര്യം...
ഇന്നലെയുടെ ഹരിതാഭം
ഇന്നതു നമുക്ക് ആഗോളതാപനം
ഇന്നലെ വരെ ചുറ്റും
മരങ്ങള്, ചെടികള്, പൂക്കള്
ഇന്നിവിടെ കോണ്ക്രീറ്റിന് കെട്ടിടങ്ങള്

അമ്മയാമീ ഭൂമിയെ നാം
നിത്യവുമോര്ത്തീടേണമേ.....



നമുക്കായി കേഴുന്നു നമ്മുടെ അമ്മ...
നമുക്കായി വേദനിപ്പു നമ്മുടെ അമ്മ...
എന്നിട്ടും കാതോര്ക്കാതെ മാനവന്
ഭൂമിയാം മാതൃഹൃദയത്തെ
തകര്ക്കുന്നിതാ.......

എന്തിനീ ക്രൂരതാ....
എന്തിനീ വഞ്ചന....
അമ്മയാം ഈമണ്ണിനെ
വേദനിപ്പിക്കുവാന്
ഈ മണ്ണിൻ മക്കളാം
മര്ത്യര്, തൻ അമ്മയെ
വേദനിപ്പിക്കുവാൻ തുനിയുന്നിതാ
നിത്യവും......
എന്നുമിങ്ങനെ നോവിപ്പിച്ചീടുബോള്
പാവമാ പ്രകൃതിയുടെ നോവ്
എത്രത്തോളമെന്നുനാം ഓര്ക്കുന്നില്ലല്ലോ.....


അനന്യ.എസ്
അനിഷ.കെ.വി
9.ജി


## സ്നേഹം

സ്നേഹത്താല് ഉണരൂ നീ
സ്നേഹത്തിലായ് അലിയൂ നീ
സ്നേഹത്തിന്റെ പൊരുളെ-



ന്തെന്നറിയൂ നീ.

സ്നേഹമാം ലോകത്തില് ജീവിക്കും
നിന്നെ ഞാൻ
സ്നേഹത്തിന്റെ ശക്തിയിലായ്
ലയിപ്പിക്കാം

എന്നിലായ് നീയും നിന്നിലായ് ഞാനും
സംഘമിക്കും വേര്പിരിയാതെന്നും
പ്രണയിക്കാം നമുക്കിനി
ലോകത്തെ സത്യത്തെ

പ്രണയിക്കാം നമുക്കിനിയീ
പ്രപഞ്ചത്തെ..
പ്രകൃതിയാം എന്നെ നീ
സ്നേഹിക്കൂ വിശ്വസിക്കൂ

നിന്നെ കൈവിടില്ല
ഞാൻ എന്നും
ജീവിതമെന്നൊരു സത്യത്തെ
അറിയൂ നീ
നിൻ ജീവൻ സഫലമാകും വരെയും

ഗോപിക.എസ്
9 F

## കാരുണ്യം

നല്ല മഴ ഈ
മഴസമയത്ത്
എന്തുചെയ്യും എന്ന്
ആലോചിച്ച്




വിഷമിച്ചിരിക്കുമ്പോഴാണ്അത്
സംഭവിച്ചത്.രണ്ട് നായ്ക്കുട്ടികൾ ആ മഴയത്ത്
കുതിർന്ന് വീടിനുമർത്തുവന്നു. എനിക്കാദ്യം
കണ്ടപ്പോൾ അറപ്പാണ് തോന്നിയത് എന്നാൽ
ഞാൻ അതിനെ എടുത്ത് വീടിന്റെ സിറ്റൗട്ടിൽ
കൊണ്ടുവന്നു.ആദ്യം അറച്ചെങ്കിലും ഞാണ
അതിനെ കുളിപ്പിച്ചു.അത് എന്നെ സ്നേഹം
കൊണ്ട് കാലുകൾ നക്കി.ഞാൻ ആ നായ്ക്കുട്ടികളെ
കൈയിലെടുത്ത് സോഫയിൽ ഇരുത്തി.അച്ഛൻ
അദ്യം ചീത്ത പറഞ്ഞെങ്കിലും അതിനെ പിന്നെ
സ്നേഹിച്ചു.അങ്ങനെ അത് ഞങ്ങളുടെ
കുടുംബത്തിലെ ഒരു അംഗമായി
മാറുകയായിരുന്നു.നല്ല സ്നേഹം അപ്പോൾ ഞാൻ
ചിന്തിച്ചു അന്നറച്ച് അതിനെ
എടുക്കാതിരുന്നെങ്കിൽ!

ഗോകുൽ.ആർ
പത്ത്-ഡി

# നിപാ വൈറസ്

ഹേ നിപാ വൈറസ് എന്ന ജീനിലെ ഒരു ആർ.എൻ.എ വൈറസാണ്നിപാ.നിപാ വൈറസ് മൃഗങ്ങളെയും അതുപോലെ തന്നെ മനുഷ്യരേയും ഒരുപോലെ ബാധിക്കുന്നു. മാരകമായ ഒരു വൈറസ് മൂലമുണ്ടാകുന്ന പകർച്ചവ്യാധി രോഗികളുടെ മരണത്തിന് വരെ കാരണമാകുന്നു.



2018 മേയ് മാസത്തിൽ നിപാ വൈറസ് എന്ന രോഗം കേരളത്തിലു-
ണ്ടെന്ന് സ്ഥിതീകരിച്ചു. മനുഷ്യനിലേക്കോ, മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേക്കോ, മൃഗങ്ങളി-
ൽ നിന്ന് മനുഷ്യരിലേക്കോ ഈ രോഗം പടരാം.വൈറസ് ബാധിതയുള്ള വവ്വാലുകളിൽ നിന്നും,പന്നികളിൽ നിന്നും,രോഗമുള്ള മനുഷ്യരിൽ നിന്നും നിപാ വൈറസുകൾ

പടരുന്നത്.വൈറസ് ബാധിതയുള്ള വവ്വാലുകളുടെ കാഷ്ഠം,ഉമിനീർ എന്നിവയിലൂടെ വവ്വാലിൽ നിന്ന് വൈറസ് പകർച്ചയുണ്ടാകാം. വവ്വാലുകൾ കടിച്ച കായ്ഫലങ്ങൾ ഒഴിവാക്കുന്നത് രോഗം തടയാൻ സാധിക്കും. ലോകത്തിൽ മര്റുഭാഗങ്ങളിലും നിപാ വൈറസ് സ്ഥിതീകരിച്ചിട്ടുണ്ട്.കൂടുതൽ തവണ വൈറസ് ബാധ ഉണ്ടായത് ബംഗ്ലാദേശിന്റെ സമീപപ്രദേശങ്ങളിലാണ്.2018 കേരളത്തിൽ കോഴിക്കോടും മലപ്പുറത്തും നിപാ ബാധിച്ച് 18-പേർ മരണപ്പെട്ടു. കൂടാതെ,2019-ജൂൺ മാസത്തിൽ കേരലത്തിലെ കൊച്ചിയിൽ നിപാ വൈറസ് ബാധിച്ച് 23-കാരനായ വിദ്യാർത്ഥിയെ ആശുപപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് രോഗിയുമായി അടുത്തിടെ ആശയവിനിമയം നടത്തിയ 86-പേർ നിരീക്ഷണത്തിലായിരുന്നു. രോഗിയെ ചികിത്സിച്ച  2 നഴ്സുമാരും ഇതിൽ ഉൾപ്പെടുന്നു.കേന്ദ്ര സംസ്ഥാന

സർക്കാരുകൾ വൈറസ് പടരുന്നത് നിയന്ത്രിക്കുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിച്ചു.

ദൃശ്യ ദാസ്
പത്ത്-ജി

## മരണം



മരിക്കുവാൻവേണ്ടി-
ഞാൻ
ആഗ്രഹിക്കുന്നിതാ
എൻ-
കണ്ണിൽ മായുന്നു ജനനം.

മരിക്കില്ല നീ,നശിക്കില്ല നീ-
അരുതാത്ത സ്വപ്നം കാണരുതേ.

തെറ്റായകാര്യം ചെയ്തിട്ടുണ്ടെങ്കിൽ-

പരിഹാരം കാണണം കുഞ്ഞേ.

മരിക്കുവാൻ വേണ്ടി ഞാൻ ആഗ്രഹി-
ക്കുന്നിതാ എൻ മുന്നിൽ മായുന്നു ജനനം.

ശ്രേയ
എട്ട്.ജി

## വെള്ളം കൊണ്ട് നശിച്ചിടുന്നു



കുഞ്ഞുങ്ങളെ ഇതാ
നമ്മുടെ കേരളം
വെള്ളത്തിലായി
നശിച്ചിടുന്നു.
വീടുകളിൽ വെള്ളം,റോഡുകളിൽ വെള്ളം,
വീടിനുകത്തുപ്പോൽ വെള്ളം കേറി.
സ്വർണ്ണങ്ങളും,കാശും കൂട്ടിവെച്ചവരുടെ
സ്വർണ്ണവും ,കാശിതാ പോയിടുന്നു.
ദേ പോകുന്നിതാ 100 ന്റെയും പിന്നെ
ആയിരത്തിന്റെയും നോട്ടുകൾ

എങ്ങനെയൊടുന്നു എങ്ങനെടുക്കുന്നു
ഒന്നിന്പോലും വഴിയില്ല ഇതാ.
പ്രകൃതിയെ കോപ്പിച്ച ദുഷ്ടരെല്ലാവരും-
വെള്ളത്തിലായി മരിച്ചിടുന്നു.
കുഞ്ഞുങ്ങളെ  ഇതാ നമ്മുടെ പുസ്തകം-
അലിഞ്ഞിതാലിഞ്ഞിതാ പോയിടുന്നു.
അലിഞ്ഞിതാലിഞ്ഞിതാ പോയിടുന്നു.

ശ്രേയ
എട്ട്-ജി

## എന്റെ സ്നേഹം

ഓരോ നിലാവിൻ  മധുരിമ പോലെ-
മഞ്ഞുപൊഴിയും എന്നെന്നുമായ്
പൂവിലെ കുളിർമയായ് എന്നും മറയുംമ്പോൾ
നിൻ സ്നേഹം സാഫല്യം കണ്ടു
സ്നേഹത്തിൽ വാത്സല്യം ഉണ്ട് മകനേ നീ
സ്നേഹം കണ്ടു പഠിക്കു.
എന്നിലെ പൂവ്പോൽ വിരിയും സ്നേഹമായ്-

എന്നിൽ പിരിയാത്ത മൗനം.
മറക്കില്ല ഞാൻ ഈ പ്രപഞ്ചം തന്ന
ഈ സ്നേഹമാർന്ന ജീവഗാനം.
ഓരോ രാവും ഓരോ പകലും നീ എന്നിൽ-
സ്നേഹമായ് നിന്നു.
പിരിഞ്ഞുപോകാതെ നീ മാഞ്ഞുപോകാതെ
നീ എന്നെന്നും എന്നിൽ നീ മാത്രം.
ഓർക്കുന്നു ഞാൻ ആ നൊമ്പരം എന്നുമായ്
മാഞ്ഞു പോകാത്ത മൗനം

ശ്രേയ

എട്ട്-ജി



## ദൈവഗീതം

അമ്മേ മഹാമായേ എൻ
ദേവി-
സർവ്വേശ്വരിയെ........
എന്നുമെന്നും ഞാൻ
നിൻമുഖമോർക്കുമ്പോൾ
എന്നും എനിക്കിതാ സന്തോഷമായ്
എന്നും എപ്പോഴും നിൻമുഖമോർക്കാതെ-

എന്നും ഞാനിതാ ദുഃഖത്തിലായ്.
നിന്റെ അനുഗ്രഹം എന്നും എനിക്കിതാ,
നിന്റെ സ്വപ്നത്താഷ എന്നും ചിരിക്കുന്നു.
എന്നും എന്നുമായ് നിൻമുഖം
എന്നിലായ്.
അമ്മേ മഹാമായേ എന്റെ ദേവി-
സർവ്വേശ്വരിയേ.......

ശ്രേയ
എട്ട്-ജി


## എന്റെ കവിത

ഞാൻ ഒരു ബാലിക
ഞാൻ ഒരു ബാലിക
എൻ നൂറു കവിതകൾ
എൻ കൊച്ചു കവിതകൾ
എൻ ചുറ്റും കാണുന്ന കേരള ഭംഗികൾ-
മാലിന്യം കൊണ്ട് നശിക്കുന്നു കേരളം.
കളകളമൊഴുക്കുന്ന പുവകളാം,നദികളാം
വാസനം നിറയുന്ന സുന്ദരപൂക്കളാം

പൂക്കൾ ചിരിക്കുന്ന നമ്മുടെ കേരളം
പുതുമണം നിരത്തുന്ന-
പുതുപുസ്തകപാഠങ്ങൾ
മഴത്തുള്ളികൾ നിറയുന്നന നമ്മുടെ
കേരളം
മനോഹരകേരളം സുന്ദരകേരളം.
ഞാൻ ഒരു ബാലിക,ഞാൻ ഒരു ബാലിക
എൻ നൂറു കവിതകൾ,എൻ കൊച്ചു
കവിതകൾ

പുണ്യ
എട്ട്

## മാതാ പിതാ ഗുരു ദൈവം



ഗുരുവേ നമഃ എന്ന് ചൊല്ലി
ഞാനിതാ പിച്ചക  പൂവിൻ
തെളിക്കും
അറിവില്ലാ
പൈതങ്ങളാണോ നീ
അറിവ് പകർന്നു തരുമോ

അമ്മയിലെ അറിവിനായ്
മക്കൾക്കൊരുത്സവം
"വിദ്യ" എന്നാൽ എന്താകും
സരസ്വതി എല്ലാം മനസ്സിലും  എത്തിക്കു നീ
ഒരു കർത്തവ്യമായ് ഉണരൂ
എല്ലാം നീ തന്നെ ഈശ്വരാ എന്നിൽ
നീ അറിവുകൾ പകർന്നു തരുമോ
മാതാ പിതാ ഗുരു ദൈവം എന്ന്
വാക്യമായ്  എന്നും ഞാൻ ഓർക്കും

മായ
8.ബി

## <u>കുഞ്ഞു വാവ</u>



ഉണ്ണികളെ
പൊന്നുണ്ണികളെ
നിൻ കാതിൽ നല്ലൊരു കഥ പറയാം
ഇന്നലെ ഞാൻ  നിൻ കൈ പിടിച്ചുകൊണ്ട്
ഓടിയതോടിയതോർമ്മയില്ലെ
ഇന്നലെ രാത്രിയിൽ ഞാൻ നിന്റെടുത്തു
വന്ന് കുഞ്ഞികഥ പറഞ്ഞതോർമ്മയില്ലെ

നിൻ മുടികെട്ടുകൾ പിഞ്ഞിമടഞ്ഞുതരാൻ
നിൻ പൊന്നു ചോച്ചി ഇവിടെയുണ്ട്
നിൻകണ്ണിൽ കരിമിഷിയും
നിൻ്റെനെറ്റിയിൽ കുഞ്ഞുപൊട്ടു ചന്ദവും
ഇടാൻ ഞാനില്ലേ
എൻ കുഞ്ഞു വാവ്വേ  കുഞ്ഞു വാവ്വേ
പൊന്നിൻ കുടമേ വാവാച്ചി

കാവ്യ
8.എഫ്

## കേരള ഭംഗി



എൻ്റെ  പാട്ടുകൾ
ഏറ്റുപാടാനായ്
പൂക്കൾ പുഴകൾ ലോകജനപ്രിയർ
എൻ വീട്ടിമുറ്റത്ത് നിന്ന് നോക്കുമ്പോൾ
മനോഹരഭംഗിയായ് സുന്ദരമായ്
എൻ മിഴികളിൽ സൂര്യപ്രകാശം
അടിക്കുമ്പോൾ രാവിലെ എന്തൊരു
ചേലാണെ

പ്രഭാതത്തിൽ  രാവിലെ വിരിയുന്ന
പുഷ്പങ്ങൾ വ്യത്യസ്ഥ നിറത്തിലായ്
വ്യത്യസ്ഥ വസന്തം
സുന്ദരഭംഗിയായ് എൻ പൊന്നു കേരളം
പുഴകളൊഴുകുന്ന സുന്ദര കേരളം

തൊയിബ
10.ജി

## അമ്മ മടിത്തട്ട്



അമ്മയുടെ
ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ
വിരിയുന്നു
ആരുമറിയാതിരിക്കട്ടെ
ഈ മരുലോകമെന്നു
കരുതുമ്പോഴും.......ക്രൂരതൽ
പാവ് ജനങ്ങൾ
ഇവിടെ പുഴുക്കളെ പോലെ......
ആരും ആർക്കും സ്നേഹം
വിളമ്പാത്ത മറ്റൊരു മായാലോകം

ഷിദ.എൻ.എസ്

പത്ത്-ജി